# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1437** **04.02.2019-ൽ മറുപടിയ്ക്ക്**

## മത്സ്യങ്ങളിൽ രാസ മാലിന്യങ്ങൾ കലർത്തി വിപണനം

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|---|
| എ) | മറ്റു സംസ്ഥാനങ്ങളിൽനിന്നും വിപണനത്തിനെത്തുന്നതുൾപ്പെടെയുള്ള മത്സ്യങ്ങളിൽ രാസ മാലിന്യങ്ങൾ കലർത്തി വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ 2018 ൽ ഇത്തരത്തിൽ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; | ബി) | സംസ്ഥാനത്തുടനീളം സാഗർറാണിയുടെ ഭാഗമായി കഴിഞ്ഞ 3 മാസമായി 118 മത്സ്യ വിപണന മാർക്കറ്റുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. മത്സ്യ സാമ്പിളുകൾ അംഗീകൃത ലാബുകളിൽ പരിശോധന നടത്തി ആയതിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേസ് ഫയൽ ചെയ്യുന്നതിന് നിയമാനുസൃതം സാധിക്കുകയുള്ളൂ. ടി പരിശോധനകളിൽ ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലം പൂർണ്ണമായും ഇനിയും ലഭ്യമായിട്ടില്ല. ഭക്ഷ്യസുരക്ഷാ വകുപ്പാണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത്. |
| സി) | ഇത്തരത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തവയും ഭക്ഷ്യയോഗ്യമല്ലാത്തതുമായ മത്സ്യങ്ങളുടെ കച്ചവടം തടയുവാനും ഭക്ഷ്യയോഗ്യമായതും ഉന്നനിലവാരമുള്ളതുമായ മത്സ്യം ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ; | സി) | അനുവദനീയമല്ലാത്ത രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവില്പന തടയുന്നതിനായി ജില്ലകൾ തോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് ഉദ്യോഗസ്ഥരും ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്തുടനീളം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ മത്സ്യത്തിന്റെ ഹോൾസെയിൽ/ റീട്ടെയിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും വിപണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് രാസപദാർത്ഥങ്ങൾ ചേർത്തുള്ള |

മത്സ്യവില്പനയുടെ ദോഷഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നു. ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് CIFT വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സ്ട്രിപ്പുകൾ ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന തരത്തിൽ വിപണിയിൽ ലഭ്യമാണ്. ശുദ്ധമായ മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 33 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും നേരിട്ട് മത്സ്യം സംഭരിച്ച് ഫിഷ് മാർട്ടുകളിലൂടെ വിപണനം ചെയ്യുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് 1-ഉം, കൊല്ലത്ത് 2-ഉം അന്തിപച്ച മൊബൈൽ ഫിഷ് യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടുതൽ മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഡി) മത്സ്യ വിപണന മേഖലയിൽ ഇടനിലക്കാരുടെ ഇടപെടൽ മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം എന്നും മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർക്കുന്നതിന് ഇത് കാരണമാകുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

ഡി) മത്സ്യക്കച്ചവടക്കാരുടേയും ഇടനിലക്കാരുടേയും അമിത ലാഭേച്ഛയോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് പലപ്പോഴും മത്സ്യം സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള കാലാവധി വർദ്ധിപ്പിക്കുന്നതിനായി രാസവസ്തുക്കൾ ചേർത്തുള്ള വിൽപ്പനയിലേയ്ക്ക് കലാശിക്കുന്നത്. പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളിൽ വാർഷിക ആളോഹരി പകുതിയിൽ താഴെ മാത്രമാണ്. ഇത് മൂലം പലപ്പോഴും മത്സ്യത്തൊഴിലാളികൾ മൂലധന ചെലവിനായി ഇടനിലക്കാരിൽ നിന്നും ഉയർന്ന പലിശയ്ക്ക് വായ്പ എടുക്കുന്നു. ഇത് ഇവർ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് വില്പനാവകാശം പണയപ്പെടുത്തിയായിരിക്കും. ഇതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ച് കൊണ്ട് വരുന്ന മത്സ്യത്തിന്റെ യഥാർത്ഥ വില ലഭിക്കുന്നില്ല. ഇത് മറികടക്കുന്നതിനായി മത്സ്യഫെഡ് വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി നടത്തി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക, ബീച്ച് ലെവൽ ലേലം നടത്തുക, ചെറുകിട വായ്പകൾ നൽകുക ഉൾപ്പെടെയുള്ള വിവിധ പദ്ധതികളാണ് നടത്തി വരുന്നത്.

| | | |
|---|---|---|
| ഇ) | ഇത് തടയുവാൻ സ്വീകരിച്ച നടപടി എന്തെല്ലാം; വ്യക്തമാക്കാമോ? | ഇ) മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോ യെന്ന് പരിശോധിക്കുവാൻ കേന്ദ്രസർക്കാർ സ്ഥാപനമായ CIFT തയ്യാറാക്കിയ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള Test kit പ്രയോജനപ്പെടുത്തുന്നു. കിറ്റ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകൾതോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴി ലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം സഹകരണ സംഘം വഴി ലേലം ചെയ്തു വരുന്നു. കൂടാതെ ലാന്റിംഗ് സെന്ററുകളിൽ നിന്ന് നേരിട്ടും സംഭരിക്കുന്ന മത്സ്യം മത്സ്യഫെഡ് ഫിഷ്മാർട്ടു വഴി വിപണനം ചെയ്തു വരുന്നു. ജില്ലകളിൽ മത്സ്യത്തൊഴി ലാളികൾ, ബോട്ടുടമകൾ, ഉപഭോക്താക്കൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടു മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദോഷ ഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. |

**സെക്ഷൻ ആഫീസർ**